# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.96

10.08.2017-ൽ മറുപടിക്ക്

## ആധുനിക സാങ്കേതിക വിദ്യക്കനുസൃതമായി രജിസ്ട്രേഷൻ വകുപ്പിന്റെ പുനഃസംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>" പി.കെ.അബ്ദു റബ്ബ്<br>" വി.കെ.ഇബ്രാഹിം കുഞ്ഞ്<br>" പി.കെ.ബഷീർ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധുനിക സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യാൻ തക്കവിധം രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമവും കുറ്റമറ്റതുമായ വിധത്തിൽ പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ആധുനിക സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യാൻ തക്ക വിധം രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമവും കുറ്റമറ്റതുമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) സമ്പൂർണ്ണ ഡിജിറ്റൈസേഷൻ, ഇ-സ്റ്റാംപിംഗ്, ഇ-പേയ്മെന്റ് എന്നീ സംവിധാനങ്ങൾ നടപ്പാക്കാൻ തക്ക സാങ്കേതിക വൈദഗ്ദ്ധ്യം ജീവനക്കാർക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) രജിസ്ട്രേഷൻ വകുപ്പിലെ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ഡിജിറ്റലൈസേഷൻ, ഇ-സ്റ്റാമ്പിങ്, ഇ-പേയ്മെന്റ് എന്നീ സംവിധാനങ്ങൾ നടപ്പാക്കാൻ തക്ക വിധത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടുന്നതിനായി വകുപ്പ് തലത്തിൽ പരിശീലന പരിപാടികൾ നടത്തി വരുന്നു. |
| സി) ഇ-പേയ്മെന്റ് മുഖാന്തിരം വസൂലാക്കിയ രജിസ്ട്രേഷൻ ഫീസ് മടങ്ങിപ്പോയതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 966-ാം നമ്പർ ആധാരത്തിന്റെ രജിസ്ട്രേഷൻ ഫീസിനത്തിലുള്ള 7,24,070/- രൂപ (ഏഴ് ലക്ഷത്തി ഇരുപത്തി നാലായിരത്തി എഴുപത് രൂപ മാത്രം) നെറ്റ് ബാങ്കിംഗ് മുഖേന ഒടുക്കിയതായി കാണിച്ചു കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നു. ടി തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത് കാണുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എൻ.ഐ.സി.യുമായി ബന്ധപ്പെട്ട് ടി തുക അക്കൗണ്ടിൽ നിന്നും കുറവ് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ |

സംസ്ഥാനത്തെ 8 സബ് രജിസ്ട്രാർ ഓഫീസുകളിലായി രജിസ് ട്രേഷൻ ഫീസ് ഇനത്തിൽ നെറ്റ് ബാങ്കിങ് സംവിധാനം വഴി ഒടുക്കിയ 1,02,819/- രൂപ (ഒരു ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ മാത്രം) സർക്കാർ ഖജനാവിൽ വരവ് വയ്ക്കാത്ത കാര്യം ശ്രദ്ധയിൽപ്പെടുകയും ആയത് എൻ.ഐ.സി.യുടെ സഹായത്തോടെ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**